ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:22-11-2024**

## പ്രധാനവാർത്തകൾ

1) രാജ്യത്തിന്റെ സംസ്കാരവും പാരമ്പര്യവും പരിപോഷിപ്പിക്കേണ്ടത് പൗരന്മാരുടെ ഉത്തരവാദിത്തമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2) സംസ്കാരം, ഭക്ഷണ രീതി, ക്രിക്കറ്റ് എന്നിവയിലെ സാമ്യം ഇന്ത്യ - ഗയാന ബന്ധത്തെ ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ത്രിരാഷ്ട്ര സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ന്യൂഡൽഹിയിലേയ്ക്ക് പുറപ്പെട്ടു.

3) രാജ്യത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് അംഗങ്ങളുടെ രജിസ്ട്രേഷനിൽ 9.33 ശതമാനം വർധന രേഖപ്പെടുത്തിയതായി കേന്ദ്ര തൊഴിൽ മന്ത്രാലയം.

4) രാജ്യത്ത് ഡേറ്റ സംബന്ധിച്ച സ്വകാര്യത ഉറപ്പാക്കാൻ സർക്കാർ നിയമം കൊണ്ടുവരുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.

5) സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടന്ന വയനാട്, ചേലക്കര, പാലക്കാട് മണ്ഡലങ്ങളിൽ വോട്ടെണ്ണൽ നാളെ. മഹാരാഷ്ട്ര, ഝാർഖണ്ഡ് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പു ഫലവും നാളെ.

RNU TVPM

6) **കോഴിക്കോട് നടക്കുന്ന സന്തോഷ് ട്രോഫി ഫുട്ബോൾ യോഗ്യതാ മത്സരത്തിൽ കേരളം ഇന്ന് ലക്ഷദ്വീപിനെ നേരിടും.**

****************

പ്രധാനമന്ത്രി

നൈജീരിയ, ബ്രസീൽ, ഗയാന എന്നിവിടങ്ങളിലെ സന്ദർശനം പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലേക്ക് പുറപ്പെട്ടു. സംസ്കാരം, ഭക്ഷണ രീതി, ക്രിക്കറ്റ് എന്നിവയിലെ സാമ്യം ഇന്ത്യ - ഗയാന ബന്ധത്തെ ശക്തിപ്പെടുത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഗയാനയിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗയാനയുടെ വികസനത്തിന് ഇന്തോ-ഗയാനീസ് സമൂഹം നൽകിയ സംഭാവനകളെ ശ്രീ മോദി പ്രശംസിച്ചു.

RNU TVPM

******************************

രാഷ്ട്രപതി (ഇൻട്രോ)

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഹൈദരാബാദിൽ നാലാമത് ലോക് മന്ഥൻ സാംസ്കാരിക പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. രാജ്യത്തിന്റെ സംസ്കാരവും പാരമ്പര്യവും ശക്തിപ്പെടുത്തേണ്ടത് പൗരന്മാരുടെ ഉത്തരവാദിത്തമാണെന്ന് രാഷ്ട്രപതി പറഞ്ഞു.

( വോയിസ് )

12 രാജ്യങ്ങളിൽ നിന്നുള്ള കലാകാരന്മാർ, സാംസ്കാരിക പ്രതിനിധികൾ, തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

ഇന്നലെ, ഹൈദരാബാദിൽ നടന്ന കോടി ദീപോത്സവം പരിപാടിയിലും ശ്രീമതി മുർമു പങ്കെടുത്തു.

*********************************

**ഇ.പി.എഫ്.ഒ അംഗങ്ങൾ**

രാജ്യത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ പുതുതായി അംഗങ്ങളായവരുടെ എണ്ണം 18 ലക്ഷത്തി 81,000 ആയി ഉയർന്നു. ഈ വർഷം സെപ്റ്റംബർ വരെയുള്ള കണക്കാണിത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അംഗങ്ങളുടെ രജിസ്ട്രേഷനിൽ 9.33 ശതമാനം വർധനയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ, ജീവനക്കാരുടെ ആനുകൂല്യങ്ങളെക്കുറിച്ചുള്ള അവബോധം തുടങ്ങിയ ഘടകങ്ങളാണ് ഇപിഫ്ഒ അംഗങ്ങളുടെ വർധനവിന് കാരണമെന്ന് കേന്ദ്ര തൊഴിൽ മന്ത്രാലയം അറിയിച്ചു.

RNU TVPM

*********************************

**പീയുഷ് ഗോയൽ**

രാജ്യത്ത് ഡേറ്റ സംബന്ധിച്ച സ്വകാര്യത ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ നിയമം കൊണ്ടുവരുമെന്ന് വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. യു.കെ ഇന്ത്യ ബിസിനസ് കൗൺസിൽ സംഘടിപ്പിച്ച 'യുകെ-ഇന്ത്യ ടെക്നോളജി ഫ്യൂച്ചേഴ്സ് കോൺഫറൻസിൽ' സംസാരിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യ നൂതനാശയങ്ങൾ എന്നിവയിൽ രാജ്യത്ത് മികച്ച നിക്ഷേപ സാധ്യതയുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

********************************

## സർവ്വകക്ഷിയോഗം

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി ഞായറാഴ്ച രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ സർവകക്ഷി യോഗം ചേരും. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനത്തിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ ഉറപ്പാക്കുന്നതിനാണ് യോഗം. ഈ മാസം 25 മുതൽ ഡിസംബർ 20 വരെയാണ് ശീതകാല സമ്മേളനം.

********************************

## വോട്ടെണ്ണൽ - മുന്നൊരുക്കങ്ങൾ

PRD TVPM

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടന്ന വയനാട്, ചേലക്കര, പാലക്കാട് മണ്ഡലങ്ങളിൽ വോട്ടെണ്ണലിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായി. നാളെ രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിന്റെയും ഉപതെരഞ്ഞെടുപ്പ് നടന്ന മറ്റ് സംസ്ഥാനങ്ങളിലെയും വോട്ടെണ്ണൽ നാളെ നടക്കും.

********************************

## വയനാട് (ഇൻട്രോ)

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിൽ വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ഫലം തത്സമയം അറിയാൻ വിപുലമായ സംവിധാനങ്ങളാണ് തിരഞ്ഞെടുപ്പ്

കമ്മീഷൻ ഒരുക്കിയിട്ടുള്ളത്. വോട്ടെണ്ണൽ രാവിലെ എട്ടിന് ആരംഭിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി **അരുൺ വിൻസെന്റ്.......**

(വോയിസ്)

*******************************

**പാലക്കാട് -വോട്ടെണ്ണൽ**

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടന്ന പാലക്കാട് മണ്ഡലത്തിൽ ജനവിധി അറിയാൻ ഇനി ഒരു ദിവസം കൂടി. ഗവൺമെന്റ് വിക്ടോറിയ കോളേജിൽ സജ്ജമാക്കിയ വോട്ടെണ്ണൽ കേന്ദ്രത്തിൽ സജ്ജീകരണങ്ങൾ പൂർത്തിയായി. യു.ഡി.എഫ് എം.എൽ.എ ആയിരുന്ന ഷാഫി പറമ്പിൽ വടകരയിൽ നിന്ന് ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് പാലക്കാട് ഉപതെരഞ്ഞെടുപ്പ് നടന്നത്.

*******************************

**ചേലക്കര – വോട്ടെണ്ണൽ**

ചേലക്കരയിൽ വോട്ടെണ്ണൽ കേന്ദ്രമായ ചെറുതുരുത്തി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ സജ്ജീകരണങ്ങൾ വരണാധികാരിയായ സർവ്വെ ഡെപ്യൂട്ടി ഡയറക്ടറും, പോലീസ് മേധാവിയും ഉൾപ്പടെയുള്ളവർ വിലയിരുത്തി. വോട്ടെണ്ണൽ പ്രക്രിയയുടെ ദൃശ്യങ്ങൾ പൂർണ്ണമായും ചിത്രീകരിക്കുന്നതിനുള്ള നടപടികളും

RNU TVPM

പൂർത്തിയായി. വോട്ടെണ്ണലിന്റെ പശ്ചാത്തലത്തിൽ ചെറുതുരുത്തി ഗവൺമെന്റ് ഹയർ സെക്കണ്ടറി സകൂളിന് നാളെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

********************************

**വോട്ടർപട്ടിക നിരീക്ഷകൻ -സന്ദർശനം**

വോട്ടർപട്ടികയുടെ പ്രത്യേക സംക്ഷിപ്ത പുതുക്കൽ 2025 നോട് അനുബന്ധിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയമിച്ച വോട്ടർപട്ടിക നിരീക്ഷകൻ എസ് ഹരികിഷോർ ഇന്ന് കണ്ണൂർ ജില്ലയിൽ സന്ദർശനം നടത്തും. ജില്ലയിലെ എം.പി മാർ, എം.എൽ.എ മാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുമായുള്ള യോഗം വൈകിട്ട് കളക്ട്രേറ്റിൽ ചേരും. അന്തിമ വോട്ടർപട്ടിക ജനുവരി ആറിന് പ്രസിദ്ധീകരിക്കും.

********************************

**മൻ കി ബാത്ത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത്ത് മറ്റന്നാൾ. പരിപാടിയുടെ 116-ാം എപ്പിസോഡ് ആണിത്.

********************************

**യുവ പുരസ്കാരങ്ങൾ**

2022, 2023 വർഷങ്ങളിലെ ഉസ്താദ് ബിസ്മില്ലാ ഖാൻ യുവപുരസ്ക്കാരങ്ങൾ കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ

RNU TVPM

സമ്മാനിക്കും. 82 യുവ കലാകാരന്മാരെ പുരസ്കാരങ്ങൾ നൽകി ആദരിക്കും.

*******************************

**മുഖ്യമന്ത്രി – തദ്ദേശ വകുപ്പ്**

തദ്ദേശ റോഡ് പുനരുദ്ധാരണത്തിൽ ജൽജീവൻ മിഷൻ പ്രവർത്തികളുടെ ഭാഗമായി കുഴിക്കേണ്ടി വന്ന റോഡുകൾക്ക് മുൻഗണന നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഡിസംബർ 20നകം തദ്ദേശവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശം നൽകി.

*******************************

**അന്താരാഷ്ട്ര ചലച്ചിത്ര മേള**

55 - ആമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്ര മേള ഗോവയിൽ പുരോഗമിക്കുന്നു. മേളയുടെ രണ്ടാം ദിനമായ ഇന്ന് വിവിധ വിഭാഗങ്ങളിലായി എഴുപതോളം സിനിമകൾ പ്രദർശിപ്പിക്കുന്നുണ്ട്. ഗോവയിലെ എന്റർടൈൻമെന്റ് സൊസൈറ്റി ഓഫീസിൽ നിന്ന് കലാ അക്കാദമിയിലേക്ക് നടക്കുന്ന IFFI പരേഡാണ് ഇന്നത്തെ മുഖ്യ ആകർഷണം. ചലച്ചിത്ര മേള ആഘോഷമാക്കാൻ രാജ്യത്തിനകത്തും പുറത്തുമുള്ള ആയിരക്കണക്കിന് സിനിമാപ്രേമികളാണ് ഗോവയിലെത്തിയിട്ടുള്ളത്.

*******************************

RNU TVPM

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോൾ യോഗ്യതാ റൗണ്ടിലെ രണ്ടാം മത്സരത്തിൽ കേരളം ഇന്ന് ലക്ഷദ്വീപിനെ നേരിടും. വൈകുന്നേരം 3.30 ന് കോഴിക്കോട് കോർപറേഷൻ ഇ എം എസ് സ്റ്റേഡിയത്തിലാണ് മത്സരം. ഗ്രൂപ്പ് വിഭാഗത്തിൽ മൂന്ന് പോയിന്റുള്ള കേരളം നിലവിൽ രണ്ടാംസ്ഥാനത്താണ്. പുതുച്ചേരിയാണ് ഒന്നാമത്.

********************************

## ക്രിക്കറ്റ്

ബോർഡർ-ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഓസ്ട്രേലിയക്കെതിരെ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഇന്ത്യക്ക് ആദ്യ ഇന്നിംഗ്സിൽ 73 റൺസെടുക്കുന്നതിനിടെ ആറ് വിക്കറ്റുകൾ നഷ്ടമായി.

RNU TVPM

********************************

## ബാഡ്മിന്റൺ

ചൈനയിലെ ഷെൻഷെനിൽ നടക്കുന്ന ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ഇന്ന് ഇറങ്ങും. ഡെൻമാർക്കിന്റെ ആൻഡേഴ്സ് ആന്റോൺസണാണ് എതിരാളി.

********************************

ചെസ്സ് ചാമ്പ്യൻഷിപ്പ്

മധ്യപ്രദേശിലെ നർമ്മദാപുരത്ത് അറുപത്തിയെട്ടാമത് ദേശീയ സ്കൂൾ ചെസ്സ് ചാമ്പ്യൻഷിപ്പിൽ അണ്ടർ 17 വിഭാഗത്തിൽ കേരളം ജേതാക്കളായി. ചരിത്ര വിജയം നേടിയ ടീമിനെ മന്ത്രി വി ശിവൻകുട്ടി അഭിനന്ദിച്ചു.

*********************************

ഇരവികുളം (ഇൻട്രോ)

വിവിധതരം ഓർക്കിഡുകളുടെ വിസ്മയക്കാഴ്ചയൊരുക്കി ഇടുക്കി ഇരവികുളം ദേശീയോദ്യാനത്തിലെ ഓർക്കിഡേറിയം. വരയാടുകളുടെ സംരക്ഷണ കേന്ദ്രമായ ഉദ്യാനത്തിൽ സജ്ജീകരിച്ചിരിക്കുന്ന ഓർക്കിഡേറിയം കാണാൻ നിരവധി സന്ദർശകരാണ് എത്തുന്നത്.

RNU TVPM

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ** **തയ്യാറാക്കിയ റിപ്പോർട്ട്........**

**(ഹോൾഡ്)**

*********************************

ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 689 പോയിന്റ് ഉയർന്ന് 77,845 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 216 പോയിന്റ് നേട്ടത്തിൽ 23,565 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കൂടി. പവന് 640

രൂപ വർധിച്ച് 57,800 രൂപയും ഗ്രാമിന് 80 രൂപ ഉയർന്ന് 7,225 രൂപയുമാണ് ഇന്നത്തെ വില.

*******************************

**ഫുട്ബോൾ-കണ്ണൂർ**

കണ്ണൂർ ജില്ല ലീഗ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ ഇന്ന് തുടക്കമാകും. ജില്ലയിലെ 56 ക്ലബുകൾ മത്സരിക്കും.

*******************************

**ശബരിമല**

RNU TVPM

മണ്ഡലകാല തീർത്ഥാടനത്തിനായി ശബരിമല നട തുറന്ന് ഒരാഴ്ച പിന്നിടുമ്പോൾ ദർശനം നടത്തിയത് നാലര ലക്ഷത്തിലേറെ തീർഥാടകർ. ഡിസംബർ എഴുവരെ പ്രതിദിനം 70,000 പേർ വെർച്വൽ ക്യൂ ബുക്കിംഗ് നടത്തിയിട്ടുണ്ട്. ദർശന സമയം വർദ്ധിപ്പിച്ചതും പതിനെട്ടാം പടിയിലെ പൊലീസിന്റെ മികച്ച ഏകോപനവും സുഗമമായ ദർശനത്തിന് വഴിയൊരുക്കുന്നുണ്ട്. വെർച്വൽ ക്യൂ ബുക്കിംഗ് ലഭിച്ചവർ അസൗകര്യം മൂലം ദർശനത്തിനെത്താതിരുന്നാൽ ബുക്കിംഗ് ക്യാൻസൽ ചെയ്യണമെന്ന് ദേവസ്വം ബോർഡ് അറിയിച്ചു.

*******************************

**വൈക്കത്തഷ്ടമി**

വൈക്കം മഹാദേവ ക്ഷേത്രത്തിലെ പ്രസിദ്ധമായ അഷ്ടമി നാളെ. പുലർച്ചെ നാലരയ്ക്കാണ് അഷ്ടമി ദർശനം. ഞായറാഴ്ച

പുലർച്ചെ രണ്ടിന് അഷ്ടമി വിളക്കും തുടർന്ന് വലിയ കാണിക്കയും നടക്കും. വൈകിട്ട് അഞ്ചിനാണ് ആറാട്ട് എഴുന്നള്ളിപ്പ്. തിങ്കളാഴ്ച മുക്കുടി നിവേദ്യത്തോടെ വൈക്കത്തഷ്ടമിക്ക് സമാപനമാകും.

********************************

## ന്യൂനപക്ഷ കമ്മീഷൻ-പരാതി

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഇനി മുതൽ വാട്ട്സാപ്പിലൂടെയും സ്വീകരിക്കും. 9746 515 133 എന്ന നമ്പറിൽ 24 മണിക്കൂറും പരാതികൾ അയക്കാവുന്നതാണ്. അടിയന്തര സ്വഭാവമുള്ള പരാതികൾ പ്രത്യേക സിറ്റിങ്ങിലൂടെ പരിഹരിക്കുമെന്ന് കമ്മീഷൻ അംഗം എ.സൈഫുദ്ദീൻ കണ്ണൂരിൽ പറഞ്ഞു.

RNU TVPM

********************************

## നാഷണൽ ലോക് അദാലത്ത്

സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി, പാലക്കാട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി എന്നിവയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 14 ന് നാഷണൽ ലോക് അദാലത്ത് സംഘടിപ്പിക്കും. സിവിൽ കേസുകൾ, ഡിവോഴ്സ് ഒഴികെയുള്ള കുടുംബതർക്കങ്ങൾ തുടങ്ങിയവ ഉൾപ്പെടെ പാലക്കാട് ജില്ലയിലെ വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ അദാലത്തിൽ പരിഗണിക്കും. കോടതികളിൽ എത്തുന്നതിനു മുമ്പുള്ള തർക്കങ്ങളും അദാലത്തിൽ പരിഗണിക്കും.

***********************************************

*******